## നമ്മുടെ വിമോചകനായ ക്രിസ്തു

**I. ജീവന്റെ ആത്മാവിന്റെ പ്രമാണത്താൽ നമുക്ക് ക്രിസ്തുവിനെ നമ്മുടെ വിമോചകനായി അനുഭവമാക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും**

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

- റോമർ 8-ലെ ജീവന്റെ ആത്മാവിന്റെ പ്രമാണത്തിന്റെ ആസ്വാദനം, റോമർ 12-ലെ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തിലേക്ക് നമ്മെ ആനയിക്കുന്നു; നാം ശരീരത്തിലും ശരീരത്തിനുവേണ്ടിയും ജീവിക്കുമ്പോൾ ഈ പ്രമാണം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നു
- ദൈവത്തിന്റെ ജീവൻ ഏറ്റവും ഉന്നതമായ ജീവനാണ്, ഈ ജീവന്റെ പ്രമാണം ഏറ്റവും ഉന്നതമായ പ്രമാണവും ഒരു "ശാസ്ത്രീയ" പ്രമാണമായി, ഒരു സ്വയംപ്രവർത്തിക്കുന്ന തത്ത്വവുമാണ്
- ജീവന്റെ ആത്മാവിന്റെ പ്രമാണം ദിവ്യജീവന്റെ സ്വതസിദ്ധമായ ശക്തിയാണ്;
- കർത്താവുമായുള്ള സമ്പർക്കത്തിൽ തുടർന്നുകൊണ്ട് നാം കർത്താവിനെ സ്പർശിച്ചുകൊണ്ടിരിക്കുമ്പോൾ, ജീവന്റെ ആത്മാവിന്റെ പ്രമാണം സ്വതേ, സ്വതസിദ്ധമായി, അനായാസമായി പ്രവർത്തിക്കുന്നു. അതിനായ് നാം
    - നമ്മുടെ സ്വന്തം പ്രയത്നങ്ങളിൽനിന്നും പരിശ്രമങ്ങളിൽനിന്നും നാം വിരമിക്കണം
    - പ്രാർഥനയിലൂടെയും ആശ്രയത്തിന്റെ ഒരു ആത്മാവ് ഉണ്ടായിരിക്കുന്നതിലൂടെ ദൈവവുമായി നാം സഹകരിക്കണം
    - നമ്മുടെ ആത്മാവിലുള്ള ജീവബോധത്തിനുവേണ്ടി നാം കരുതണം
- ക്രിസ്തുവിന്റെ ശരീരത്തിൽ നാം ജീവിക്കുന്നതിനും സേവിക്കുന്നതിനുമുള്ള താക്കോൽ നമ്മുടെ ഉള്ളിൽ വ്യാപരിക്കുന്ന ജീവന്റെ ആത്മാവിന്റെ പ്രമാണമാണ്
- താഴെ പറയുന്ന ഏഴ് രീതികളിൽ ഈ പ്രമാണത്തെ "സ്വിച്ച് ഓൺ" ചെയ്തുകൊണ്ട് ജീവന്റെ ആത്മാവിന്റെ പ്രമാണമായി ഉള്ളിൽ വ്യാപരിക്കുന്ന ത്രിയേക ദൈവത്തോട് നമുക്ക് സഹകരിക്കുവാൻ കഴിയും
    - നാം ആത്മാവിനെ അനുസരിച്ച് നടക്കണം—റോമ 8:4
    - നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചുകൊണ്ട് ആത്മാവിന്റെ കാര്യങ്ങളെ ചിന്തിക്കണം—വാ. 5,6
    - നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ ആത്മാവിനാൽ നാം മരിപ്പിക്കണം—വാ. 13
    - നാം ആത്മാവിനാൽ നയിക്കപ്പെടണം—വാ. 14
    - പുത്രത്വത്തിന്റെ ആത്മാവിൽ നാം "അബ്ബാ, പിതാവേ!" എന്ന് നിലവിളിക്കണം—വാ. 15
    - ആത്മാവ് സാക്ഷ്യപ്പെടുത്തുവാൻ മുൻകൈയെടുക്കണം—വാ. 16
    - നമ്മുടെ പൂർണ്ണ പുത്രത്വത്തിനായി പക്ഷവാദം ചെയ്യുന്ന ആത്മാവിൽ നാം ഞരങ്ങണം—വാ. 23

## അത്യധികം ജയം നേടുന്നവരാക്കുന്നവനായ ക്രിസ്തു

**II. നമ്മെ അത്യധികം ജയം നേടുന്നവരാക്കുന്നവനായ ക്രിസ്തുവിനെ നമുക്ക് അനുഭവമാക്കുവാനും, ആസ്വദിക്കുവാനും, ആവിഷ്കകരിക്കുവാനും കഴിയും**

റോമ. 8:37 എന്നാൽ നമ്മെ സ്നേഹിച്ചവനിലൂടെ ഈ സകല കാര്യങ്ങളിലും നാം അത്യധികം ജയം നേടുന്നു.

- എല്ലാ കാര്യങ്ങളിലും അത്യധികം ജയം നേടുന്നതിന് നമുക്ക് ദൈവത്തെ സ്നേഹിക്കുവാനും, ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും പ്രചോദിപ്പിക്കപ്പെടുവാനും പ്രേരിപ്പിക്കപ്പെടുവാനും ഞെരുക്കപ്പെടുവാനും നയിക്കപ്പെടുവാനും കഴിയും
- യിരെ. 32:40-41 ലെ ശാശ്വത ഉടമ്പടി പുതിയ ഉടമ്പടിയാണ്; ഈ ഉടമ്പടിയാലാണ് ദൈവം നമ്മിൽനിന്ന് വിട്ടുമാറാതിരിക്കുന്നതും, നമ്മുടെ നല്ലദേശമായ ക്രിസ്തുവിൽ നമ്മെ നടുന്നതും
- ഏതു കാര്യവും, ഏതു വ്യക്തിയും, ഏതു സാഹചര്യവും അവനെ സ്നേഹിക്കുന്നവരായ നമുക്ക് നമ്മുടെ തികവിനുവേണ്ടിയുള്ളതാണ്
- നമുക്കുവേണ്ടി മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്ത ക്രിസ്തു, ദൈവത്തിന്റെ വലത്തുഭാഗത്ത് നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു
    - റോമർ 8:34-ൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവൻ ക്രിസ്തുവാണ്, എന്നാൽ വാക്യം 26-ൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവൻ ആത്മാവാണ്
    - അവൻ നമുക്കുവേണ്ടി രണ്ടറ്റങ്ങളിൽ പക്ഷവാദം ചെയ്യുന്നു: ഒരറ്റത്ത് ഒരുപക്ഷേ നമുക്കുവേണ്ടി പക്ഷവാദം ആരംഭിച്ചുകൊണ്ട് അത് നമ്മിലുള്ള ആത്മാവാണ്; മറ്റേ അറ്റത്ത് ഒരുപക്ഷേ നമുക്കുവേണ്ടി പക്ഷവാദം പൂർത്തീകരിക്കുന്ന ദൈവത്തിന്റെ വലത്തുഭാഗത്തുള്ള കർത്താവായ ക്രിസ്തുവാണ്.
- കഷ്ടത, പീഡ, ഉപദ്രവം, ക്ഷാമം, നഗ്നത, ആപത്ത്, വാൾ എന്നിവയുൾപ്പെടെയുള്ള ഒരു കഷ്ടവും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് വേർപെടുത്തുകയില്ല
- എല്ലാ കഷ്ടങ്ങളിലും നമ്മെ സ്നേഹിച്ച ക്രിസ്തു മുഖാന്തരം നാം അത്യധികം ജയം നേടുന്നു
    - നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത സ്നേഹവും ക്രിസ്തു നമുക്കുവേണ്ടി സകലവും ചെയ്തിരിക്കുന്നു എന്ന വസ്തുതയും നിമിത്തം, കഷ്ടതയ്ക്കോ ഉപദ്രവത്തിനോ നമ്മെ അടിച്ചമർത്തുവാനോ പരാജയപ്പെടുത്തുവാനോ കഴിയുകയില്ല; മറിച്ച്, ഈ കാര്യങ്ങളിലെല്ലാം നമ്മെ സ്നേഹിച്ചവൻ മുഖാന്തരം നാം അത്യധികം ജയം നേടുന്നു
    - ദൈവത്തിന്റെ രക്ഷയിൽ, ദൈവസ്നേഹം ക്രിസ്തുവിന്റെ സ്നേഹമായിത്തീർന്നിരിക്കുന്നു, അത് ക്രിസ്തുവിന്റെ കൃപ മുഖാന്തരം ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷ നമ്മിൽ നിറവേറുന്നതുവരെ നമുക്കായി അനേകം ആശ്ചര്യകരമായ കാര്യങ്ങൾ ചെയ്യുന്നു

## മൂന്ന് ജീവനുകളും നാല് പ്രമാണങ്ങളും

| | |
|---|---|
| **ശരീരത്തിലെ അവയവങ്ങളിലുള്ള പാപപ്രമാണം**<br><br>വിശ്വാസിയുടെ ശരീരത്തിലെ, പാപത്തിന്റെയും മരണത്തിന്റെയും പ്രമാണം, പാപം എന്ന നിലയിൽ വിശ്വാസികളുടെ ജഡത്തിൽ വസിക്കുന്ന **സാത്താനിൽ നിന്ന്** ഉത്ഭവിക്കുന്നു. | റോമർ 7:23 എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട് യുദ്ധം ചെയ്തുകൊണ്ടും, **എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന്** എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു.<br><br>റോമർ 7:17 ആകയാൽ മേലാൽ അത് പുറപ്പെടുവിക്കുന്നത് ഞാനല്ല, **എന്നിൽ വസിക്കുന്ന പാപമത്രേ.** |
| **ദേഹിയിലെ മനസ്സിലുള്ള നന്മയുടെ പ്രമാണം**<br><br>വിശ്വാസിയുടെ മനസ്സിലെ, അതായത്, അവന്റെ ദേഹിയിലെ, നന്മയുടെ പ്രമാണം, **സ്വാഭാവിക മനുഷ്യജീവനിൽ** നിന്ന്, അതായത്, മനുഷ്യനിൽ നിന്നുതന്നെ, ഉത്ഭവിക്കുന്നു | റോമർ 7:23 **എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട്** യുദ്ധം ചെയ്തുകൊണ്ടും, എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു. |
| **വിശ്വാസിയുടെ ആത്മാവിലെ ജീവന്റെ ആത്മാവിന്റെ പ്രമാണം**<br><br>വിശ്വാസിയുടെ ആത്മാവിലെ, ജീവന്റെ ആത്മാവിന്റെ പ്രമാണം, അവന്റെ ആത്മാവിൽ ആത്മാവായി വസിക്കുന്ന **ദൈവത്തിൽ നിന്ന്** ഉത്ഭവിക്കുന്നു | റോമർ 8:2 എന്തെന്നാൽ **ജീവന്റെ ആത്മാവിന്റെ പ്രമാണം** എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു. |
| **വിശ്വാസിയുടെ വെളിയിലുള്ള ദൈവത്തിന്റെ പ്രമാണം**<br><br>വിശ്വാസിയുടെ വെളിയിലുള്ള **ദൈവത്തിന്റെ ന്യായപ്രമാണം** | റോമർ 7:22 അകത്തെ മനുഷ്യനൊത്തവണ്ണം **ദൈവത്തിന്റെ ന്യായപ്രമാണത്തിൽ** ഞാൻ ആനന്ദിക്കുന്നു,<br><br>7:25 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്തോത്രം! അങ്ങനെ ഞാൻ **മനസ്സുകൊണ്ട് ദൈവത്തിന്റെ പ്രമാണത്തെയും**, **ജഡംകൊണ്ട് പാപ പ്രമാണത്തെയും** സേവിക്കുന്നു. |

**റോമർ 7:19 ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നത്; മറിച്ച് ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ പ്രവർത്തിക്കുന്നത്.**

**24 അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും?**